# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 91**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

2022 സെപ്റ്റംബർ 13, 14, 15 തീയതികളിൽ കൂടിയ സഭാ പ്രതിനിധി മണ്ഡല തീരുമാനപ്രകാരം സഭയുടെ നിലവിലുണ്ടായിരുന്ന വികസന വിഭാഗത്തെ (Development Department) **മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്** എന്ന ഔദ്യോഗിക സ്ഥാപനയായി അംഗീകരിച്ചു.

ഒരു ഔദ്യോഗിക സ്ഥാപന എന്ന നിലയിൽ ശാഖാ, സെന്റർ, ഭദ്രാസന, കേന്ദ്ര തലങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഭരണനിർവ്വഹണത്തിനുമായി നിലവിലുണ്ടായിരുന്ന ഭരണഘടന പരിഷ്കരിച്ച്, സഭാ കൗൺസിലിന്റെ ആലോചനയോടുകൂടി ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡിന് സമർപ്പിച്ചു. 13.04.2023–ൽ കൂടിയ എപ്പിസ്കോപ്പൽ സിനഡ് വികസന വിഭാഗത്തിന്റെ ഭരണഘടനയ്ക്ക് അംഗീകാരം നൽകുകയും ആയത് നടപ്പിൽ വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്ത വിവരം ഏവരേയും ഇതിനാൽ അറിയിക്കുന്നു. ഇത് ഇപ്പോൾ നിലവിലുള്ള മാർത്തോമ്മാ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ രജിസ്ട്രേഡ് സൊസൈറ്റിയുടെ പൊതുയോഗത്തിൽ അംഗീകരിക്കപ്പെടുകയും വേണം. അന്നുമുതൽ പരിഷ്ക്കരിച്ച ഭരണഘടന പ്രാബല്യത്തിൽ വരുന്നതാണ്.

പരിഷ്ക്കരിച്ച ഭരണഘടന പ്രകാരം ഒരു ജനറൽ സെക്രട്ടറിയെയും ഖജാൻജിയെയും തിരഞ്ഞെടുക്കുന്നതു വരെ ഈ സ്ഥാപനയുടെ ജനറൽ സെക്രട്ടറിയായി റവ. മോൻസി വർഗ്ഗീസും ഖജാൻജിയായി ശ്രീ. സുലാൽ സാമുവേലും ചുമതലകൾ നിർവ്വഹിക്കുന്നതാണ്. ശാഖാ, സെന്റർ, ഭദ്രാസന, കേന്ദ്ര തലങ്ങളിൽ ഭാരവാഹികളെയും, കമ്മറ്റി അംഗങ്ങളെയും, പ്രതിനിധികളെയും പരിഷ്ക്കരിച്ച ഭരണഘടന പ്രകാരം തിരഞ്ഞെടുത്ത് ഭരണ നിർവ്വഹണം നടത്തേണ്ടതാണ്. ഇനിയൊരു തീരുമാനം ഉണ്ടാകുന്നതുവരെ ആണ്ടുതോറുമുള്ള അംഗത്വ ഫീസ് 10 രൂപാ ആയിരിക്കുന്നതാണ്.

സഭയ്ക്കുള്ളിലും പുറത്തും ഒരുപോലെ സാക്ഷ്യം നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടവരായ നമ്മുടെ ദൗത്യം സമൂഹത്തിൽ ഫലകരമായി നിറവേറ്റുവാൻ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ യൂണിറ്റ് എല്ലാ ശാഖകളിലും ആരംഭിച്ച് പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരുവാൻ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 മെയ് 13–ാം തീയതി

Theodosius
Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 91**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

The existing Development Department of the Church has been recognized as the **Malankara Mar Thoma Sabha Development Department.** an official organisation of the Church, as per the decision taken by the Prathinidhi Mandalam of the Malankara Mar Thoma Syrian Church that met on 13, 14, and 15 September 2022.

As an organisation, the existing Constitution has been revised for efficient administration and coordination of activities at the Parish, Centre, Diocese, and Kendram levels. This Constitution was submitted to the Hon. Episcopal Synod after deliberations of the Sabha Council. Thus, it is hereby informed to all that the Episcopal Synod that met on 13 April 2023 has given approval to the Constitution of the Development Department and has decided to bring it into force. This has to be approved by the General Body of the existing Mar Thoma Development Registered Society also. The revised Constitution will come into force from that date onwards.

Until a General Secretary and Treasurer are elected according to the revised Constitution, Rev. Moncy Varghese will be the General Secretary and Mr. Sulal Samuel will be the Treasurer of the organisation. The elections of the office bearers, committee members, and representatives at the Sakha (Parish), Centre, Diocese, and Kendram levels, must be conducted according to the revised Constitution, and the administration must be conducted accordingly. The yearly membership fee per head will be Rs. 10.00 till another decision is taken in this regard.

We exhort that the units of the Development Department be started in all Parishes with the active participation of all members, so that we who are called to bear witness both within and outside of the Church may fulfil our mission fruitfully in the society.

Grace be with you all.

Dated 13 May 2023, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**